# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

ജി.ആർ II എ (3) 48822/05/ജി.ഡബ്ല്യു

തിരുവനന്തപുരം
തീയതി:11/12/2014

## തിരുത്തൽ വിജ്ഞാപനം

ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ റിസർച്ച് ഓഫീസർ തസ്തികയിൽ നേരിട്ടുള്ള നിയമനത്തിന് അപേക്ഷ ക്ഷണിച്ചു കൊണ്ടുള്ള വിജ്ഞാപനം (കാറ്റഗറി നമ്പർ:208/2013) 31/07/2013 തീയതിയിലെ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. (അപേക്ഷ അയയ്ക്കുന്നതിനുള്ള അവസാന തീയതി 04/09/2013). എന്നാൽ വിജ്ഞാപനത്തിൽ 7-ാ മത് ഇനം "യോഗ്യതകൾ" എന്നതിൽ ചേർത്തിരുന്ന വിദ്യാഭ്യാസ യോഗ്യതകളിലെ പിശകു തിരുത്തി 12/12/2013 തീയതിയിലെ ഗസറ്റിൽ തിരുത്തൽ വിജ്ഞാപനം പ്രസിദ്ധീകരിച്ചിരുന്നു. അതിൻ പ്രകാരമുള്ള യോഗ്യത ചുവടെ ചേർക്കുന്നു.

"ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നോ, സ്ഥാപനത്തിൽ നിന്നോ, ഇക്കണോമിക്സിലോ, മാത്തമാറ്റിക്സിലോ ഉള്ള ഒന്നാം ക്ലാസ് അല്ലെങ്കിൽ രണ്ടാം ക്ലാസ് ബിരുദാനന്തര ബിരുദം (ബിരുദതലത്തിലെങ്കിലും സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായി പഠിച്ചിരിക്കണം) അല്ലെങ്കിൽ സ്റ്റാറ്റിസ്റ്റിക്സിൽ ലഭിച്ച ഒന്നാം ക്ലാസ് അല്ലെങ്കിൽ രണ്ടാം ക്ലാസ് ബിരുദാനന്തര ബിരുദം"

31/07/2013 ലെ ഗസറ്റ് വിജ്ഞാപനത്തിലെ പിശകുമൂലം അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്ത മേൽപ്പറഞ്ഞ യോഗ്യതയുള്ളവർക്ക് അവർ മേൽപ്പറഞ്ഞതുൾപ്പെടെയുള്ള യോഗ്യതകൾ 04/09/2013-നകം നേടിയിട്ടുള്ള പക്ഷം

അവസരം നൽകുന്നതിനായി ടി തസ്തികയ്ക്ക് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി **19.02.2015** ആയി ദീർഘിപ്പിച്ചിരിക്കുന്നു. 12/12/2013 തീയതിയിലെ വിജ്ഞാപനപ്രകാരമുള്ള യോഗ്യതയുള്ളവർക്ക് **19.02.2015 വ്യാഴാഴ്ച** അർദ്ധരാത്രി 12 മണി വരെ അപേക്ഷിക്കാവുന്നതാണ്. 31/07/2013 തീയതിയിലെ ഗസറ്റ് വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല.

പ്രായപരിധിയുൾപ്പെടെ വിജ്ഞാപനത്തിലെ മറ്റു വ്യവസ്ഥകൾക്ക് മാറ്റമില്ല.

**പി.സി. ബിനോയ്**
**സെക്രട്ടറി**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**